(ഡി) ഗുണമേന്മയുള്ള അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരത്തിനായി കേരള കാർഷിക സർവ്വകലാശാലയിൽ വികസിപ്പിച്ചെടുത്ത ബ്രീഡർ വിത്ത് സംഭരിച്ച് വിത്തു ഫാമുകളിൽ പ്രജനനം നടത്തി ഗുണനിലവാരമുള്ള അടിസ്ഥാന വിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നു. ഇവ രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് നൽകി കൃഷി അസിസ്റ്റന്റ് ഡയറക്ടർ/കൃഷി ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ ഉൽപ്പാദിപ്പിച്ച് സീഡ് അതോറിറ്റി ശുപാർശ ചെയ്ത കൃഷിക്കാർക്ക് വിതരണം നടത്തിവരുന്നു.

സംസ്ഥാനത്ത് കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കാൻ നടപടി

*22 [82] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കീടനാശിനികളുടെ അമിതമായ ഉപയോഗംമൂലം കാർഷികോല്പന്നങ്ങൾ വിഷമയമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കീടനാശിനികളുടെ അമിതമായ ഉപയോഗം ഹാനികരമാണെന്നത് പൊതുവെ ഏവർക്കും അറിവുള്ളതാണ്. ഇതു സംബന്ധിച്ച പ്രത്യേക കേസുകളൊന്നും കൃഷിവകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് ജൈവ കൃഷി സമ്പ്രദായം പ്രോൽസാഹിപ്പിച്ചുവരുന്നു. രാസകീടനാശിനികൾക്കു പകരം ജൈവ കീടനാശിനികൾ ഉപയോഗിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നു. ജൈവരോഗനിയന്ത്രണത്തിനുതകുന്ന ബാക്ടീരിയകളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് മിതമായ വിലയ്ക്ക് നൽകിവരുന്നു. കൂടാതെ ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതു സംബന്ധിച്ച് ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തെ പുഷ്പകൃഷി

*23 [83] ശ്രീ. ലൂഡി ലൂയിസ് :
,, വി. ബാലറാം :
,, കെ. പി. വിശ്വനാഥൻ :
,, ഡി. സുഗതൻ :
,, എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിനനുയോജ്യമായുള്ള പുഷ്പ കൃഷികൾ ഏതെല്ലാമെന്നു പറയുമോ;

(ബി) ഏതെല്ലാം വിധത്തിലുള്ള പുഷ്പങ്ങൾ സംസ്ഥാനത്ത് വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്തു വരുന്നു;

(സി) ആന്തൂറിയം, വിവിധ ഓർക്കിഡുകൾ, ഡാലിയ മുതലായവ സംസ്ഥാനത്ത് ലാഭകരമായി കൃഷി ചെയ്യുവാൻ കഴിയുമോ;

(ഡി) എങ്കിൽ അവയുടെ വിത്തുകളും തൈകളും വിതരണം ചെയ്യുവാൻ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവയുടെ കൃഷികൾ സംസ്ഥാനത്തിന് അനുയോജ്യമായവയാണ്. റോസ്, കാർണേഷൻ, ജർബറ, ഗ്ളാഡിയോളസ്, മാരിഗോൾഡ് എന്നിവയും സംസ്ഥാനത്ത് ഒട്ടാകെ കൃഷി ചെയ്യാവുന്നതാണ്.

(ബി) ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നീ പുഷ്പങ്ങൾ സംസ്ഥാനത്ത് വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നു.

(സി) കഴിയും.

(ഡി) ഇതിനായി നിലവിൽ പ്രത്യേകം പദ്ധതികളൊന്നും ഇല്ല. കഴക്കൂട്ടത്തെ ബയോ ടെക്നോളജി ആന്റ് മോഡൽ ഫ്ളോറി കൾച്ചർ സെന്ററിൽ ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ ടിഷ്യൂ കൾച്ചർ തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷനും (ഹോർട്ടികോർപ്പ്) ഇവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്. പ്രധാനമായും കഴക്കൂട്ടത്തെ മോഡൽ ഫ്ളോറികൾച്ചർ ലാബിൽ ഉല്പാദിപ്പിക്കുന്നവയും പാലോട് ബൊട്ടാണിക്കൽ ഗാർഡനിൽ ഉല്പാദിപ്പിക്കുന്നവയുമാണ് ഹോർട്ടികോർപ്പ് വഴി വിതരണം ചെയ്യുന്നത്.

ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം നിക്ഷേപകർക്ക് നൽകുന്ന പ്രോത്സാഹന സമ്മാനങ്ങൾ

*24 [84] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ബി. വിജയകുമാർ :
,, ടി. എൻ. പ്രതാപൻ :
,, കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly